# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5534 06.07.2012 - ൽ മറുപടിക്ക്

## നഗരസഭാ നമ്പർ ഇല്ലാത്തവർക്കും കുടിവെള്ള കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ തിരുവനന്തപുരം വെള്ളയമ്പലത്തുള്ള കേന്ദ്രീകൃത കണക്ഷൻ നൽകുന്ന വിഭാഗം, നേമം മണ്ഡലത്തിലെ നെടുങ്കാട് വാർഡിൽ താമസിക്കുന്ന കൈവശരേഖ, കരം തീരുവ, ഉടമസ്ഥാവകാശം എന്നിവ ഉള്ള ഉപഭോക്താക്കൾക്ക് നഗരസഭാ നമ്പർ ഇല്ലാ എന്ന കാരണം പറഞ്ഞ് കുടിവെള്ള കണക്ഷൻ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നിലവിലുള്ള കേരളാ വാട്ടർ സപ്ലൈ ആക്ട് (1986) & റഗുലേഷൻ (1991) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീട്ട് നമ്പർ അനുസരിച്ച് നൽകുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് വാട്ടർ കണക്ഷൻ നൽകുവാനാണ് വ്യവസ്ഥയുള്ളത്. അതില്ലാത്തവർക്ക് പൊതു വിഭാഗത്തിൽ വാട്ടർ കണക്ഷൻ നൽകാറില്ല. എന്നാൽ തിരുവനന്തപുരം നഗരസഭയുടെ ദുർബല ജനവിഭാഗങ്ങൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നതിന് വേണ്ടിയുള്ള പദ്ധതിയിൽ, നഗരസഭ തയ്യാറാക്കുന്ന പട്ടികയിൽ ഉൾപ്പെട്ടവർക്ക്, നഗരസഭ സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് കൈവശരേഖ പ്രകാരവും വാട്ടർ കണക്ഷൻ നൽകുന്നുണ്ട്. ഈ ഇളവ് മറ്റ് പൊതു വിഭാഗത്തിന് ബാധകമാക്കിയിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ കുടിവെള്ളം ലഭിക്കാനുള്ള ഭരണഘടനാപരമായ അവകാശം പ്രസ്തുത ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) കുടിവെള്ള കണക്ഷന് നൽകുന്ന അപേക്ഷയോടൊപ്പം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്നാണ് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ